# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3100** **19.06.2018 ൽ മറുപടിയ്ക്ക്**

## പഴം/പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ശശി | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |

എ) പഴം/പച്ചക്കറി/കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയ ഉല്പന്നങ്ങൾക്ക് ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കാതെ സംസ്ഥാനത്ത് തന്നെ സ്വയംപര്യാപ്തത കൈവരിക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വികരിച്ചുവരുന്നുവെന്നും ഇനി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ?

ബി) സംസ്ഥാനത്തിനാവശ്യമായ പച്ചക്കറി/പഴവർഗ്ഗങ്ങളിൽ കൃഷി വകുപ്പിന്റെ അധീനതയിൽ ലഭ്യമാക്കുന്നവയുടെയും ഇതര സംസ്ഥാനങ്ങളിൽ നിന്നും ലഭിക്കുന്നവയുടെയും വിലകൾ തമ്മിലുള്ള വ്യത്യാസം എത്ര; വിശദാംശം ലഭ്യമാക്കാമോ;

എ) & ബി) ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കാതെ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ ലക്ഷ്യമിട്ട് സർക്കാരിന്റെ മേൽ നോട്ടത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന ബൃഹത്ത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. 2018-19 വർഷം 80 കോടി രൂപയാണ് പച്ചക്കറി കൃഷിക്ക് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചത്. സ്കൂൾ വിദ്യാർത്ഥികൾ, വീട്ടമ്മമാർ, സന്നദ്ധ സംഘടനകളുടെയും റസിഡന്റ്സ് അസോസിയേഷനുകളുടെയും അംഗങ്ങൾ, കർഷകർ എന്നിവർ ഈ പദ്ധതിയുടെ വിജയത്തിൽ പങ്കാളികളാകും. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, മട്ടുപ്പാവ് കൃഷി പ്രോത്സാഹനം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി, പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്ക്കരണം, പ്രചരണം, ക്ലസ്റ്ററുകൾക്ക് പച്ചക്കറി കൃഷി ചെയ്യുന്നതിന് സഹായം, അവാർഡ് നൽകി മികച്ച കർഷകരെ പ്രോത്സാഹിപ്പിക്കൽ, സൂക്ഷ്മ മൂലകങ്ങളുടെ ഉപയോഗം, എ ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം, ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം, ബ്ലോക്ക് തല നഴ്സറികളുടെ വികസനം, മഴ മറകൾ സ്ഥാപിക്കൽ, സൂക്ഷ്മ ജലസേചനവും - ജലസേചനം വഴിയുള്ള വളപ്രയോഗവും, തരിശു നില കൃഷിക്ക് ധനസഹായം, മാധ്യമങ്ങൾ വഴിയുള്ള വിത്തുവിതരണം, എൻ.ജി.ഒ -കൾ മുഖേന പച്ചക്കറി വിത്ത് നൽകൽ, എന്നീ

ഘടകങ്ങളാണ് ഈ പദ്ധതി മുഖേന നടപ്പിലാക്കുന്നത്.

സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്ത പട്ടണ നിവാസികൾക്കായി അതിനുള്ള എല്ലാ സഹായങ്ങളും പച്ചക്കറി വികസന പദ്ധതി പ്രകാരം നൽകി വരുന്നു. ഇതിനായി ടി പദ്ധതിയിൽ മട്ടുപ്പാവ് കൃഷി എന്ന ഘടകമായി ഉൾപ്പെടുത്തി വിവിധ പച്ചക്കറി വിത്തുകൾ മുളപ്പിച്ച ഗ്രോബാഗ് യൂണിറ്റുകൾ നൽകുന്നുണ്ട്. കൂടാതെ ഓണത്തിന് ഒരു മുറം പച്ചക്കറി, സീറോ എനർജി കൂൾ ചേമ്പർ, പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ വിത്തുല്പാദനം പ്രോത്സാഹിപ്പിക്കൽ, ബഹുവർഷി പച്ചക്കറി കൃഷി പ്രോത്സാഹനം, മണ്ണിരകമ്പോസ്റ്റ് യൂണിറ്റുകൾ വഴി മാലിന്യ നിർമ്മാർജ്ജനം, മിനി പോളീഹൗസ് നിർമ്മാണം, അർബൻ ക്ലസ്റ്റർ പ്രോത്സാഹനവും മാലിന്യ സംസ്കരണവും, ജില്ലാതല ക്ലസ്റ്റർ പ്രോത്സാഹനം, മഴമറ നിർമ്മാണം, സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി, സൂക്ഷ്മ ജലസേചനം, ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം, ഭൗമസൂചിക രജിസ്ട്രേഷൻ, ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം, കൃഷിയിടങ്ങളിൽ ബയോകൺട്രോൾ ഏജന്റ് നിർമ്മാണം എന്നീ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കി വരുന്നു.

അന്യ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ കേരളത്തിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളുടെ പകുതി വിലയ്ക്കാണ് ലഭ്യമാകുന്നത്. സംസ്ഥാനത്ത് നല്ല കൃഷി മുറകൾ പാലിച്ച് ഉല്പാദിപ്പിക്കുന്ന സേഫ് റ്റു ഈറ്റ് പച്ചക്കറികളാണ് ലഭ്യമാക്കുന്നത്. അയൽ സംസ്ഥാനങ്ങളിൽ അമിത രാസവള പ്രയോഗത്തിലൂടെയും കീടനാശിനി പ്രയോഗത്തിലൂടെയുമാണ് പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നത്. അതുകാരണം അവിടെ അമിത ഉല്പാദനം ഉണ്ടാകുകയും അങ്ങനെ പച്ചക്കറികൾ വില കുറച്ച് നൽകാൻ സാധിക്കുകയും ചെയ്യുന്നു.

Mayal

**സെക്ഷൻ ഓഫീസർ**